# ഖുർആനും ആധുനികശാസ്ത്രവും

ഡോ. മോറീസ് ബുക്കായ്

വിവർത്തനം:
കാദർകുട്ടി മാരേക്കാട്

പ്രസാധനം:
ഡയലോഗ് സെന്റർ, കേരള

വിതരണം
ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

# {]kXmh\

{^©pImc\mb tUm. tamdok _p¡mb {]KÂ`\mb kÀP\pw t]sc Sp¯ imk{XÚ\pw ]ÞnX\pamW. At±l¯nsâ 'ss__nÄ, JpÀB³, imk{Xw' F¶ {KÙw {]ikXamW. bIqZp{InkXy³ thZ§fnepw JpÀB\nepw At±lw \S¯nb KthjW ]T\¯nsâ ^eamW {]kXpX {KÙw. aX¯nsâbpw imk{X¯nsâbpw cwK¯ X\Xmb Hcp Øm\ap Cu {KÙ¯n\.

{]ikX\mb icocimk{XÚ³ F¶ \ne¡, ^tdmhbmb amÀs\ ]äbpsS a½n ]cnti m[n¡m³ sXcsª Sp¡s¸«X tamdok _p¡mb Bbncp¶p. At±lw kuZn Atd_y kµÀin¨t¸mÄ, ^tdmhbpsS arXtZlw hcpwXeapd¡ Hcp ]mTsa¶ \nebnÂ Im¯pkq£n¡s¸Spsa¶ {]hNn¡p¶ JpÀB³ hmIy§sf Ipdn¨a\Êem¡m³ CSbmbn. {InkXym\nbmbncp¶ At±l¯n\, ^tdmh tamkÊns\ ]n´pSÀ¶t¸mÄ ap§nacn¨Xmbn ]dbp¶ ss__nÄ hnhcWw Adnbpambncp¶p. tamkÊnsâ Imes¯ ^tdmhbpsS arXtZlw Im¯pkq£n¡s¸Spw F¶ JpÀBsâ {]hN\w kt´mjw \ndª AZ`pXt¯msSbmW At±lw ]Tn¨X. CX Ad_n ]Tn¨ hnip² JpÀB³ Iqe¦jambn ]Tn¡p¶Xnte¡ At±ls¯ \bn¨p. JpÀB\pw ss__nfpw XmcXaywsNbXp ]T\]cyth£Ww\S¯m³ At±lw DZypà \mbn. imk{X {]Xn`mk§sf kw_Ôn¨ hnip² JpÀBsâ ]cmaÀi§Ä ]qÀWambpw B[p\nI imk{Xt¯mS s]mcp¯s¸Sp¶XmsW¶pw AtX hnjb§fnÂ h¶ ss__nÄ BJym\§Ä imk{Xobambn ]qÀWambpw AkzoImcy§fmsW¶pw Is¯m³ XZ^eambn At±l¯n\ Ignªp.

tUm. tamdok _p¡mb e\nse tIma¬shÂ¯ C³Ìnäyq«nÂ \S¯nb Hcp {]`mjWamW Cu eLp {KÙw. 'JpÀB\pw B[p\nI imk{Xhpw' F¶XmbnCp¶p hnjbw. CkemansâimikX kXy§sf kw_Ôn¨ amÀKZÀi\w \ÂIm³ CXp]Icn¡psa¶ hnizkkn¡p¶p.

p{]km[IÀ

**1976** നവമ്പർ 9-ന് ഫ്രഞ്ച് മെഡിസിൻ അക്കാഡമിയിൽ അസാധാരണമായ ഒരു പ്രഭാഷണം നടത്തി. 'ഖുർആനിലെ ശരീരശാസ്ത്രപരവും ഭ്രൂണശാസ്ത്രപരവുമായ വിവരങ്ങൾ' എന്നതായിരുന്നു വിഷയം. ശരീരശാസ്ത്രത്തെയും പ്രത്യുൽപാദനത്തെയും സംബന്ധിച്ച് ഖുർആനിലുള്ളതും ആധുനിക ശാസ്ത്രത്തിനു മാത്രം കണ്ടെത്താൻ കഴിഞ്ഞതുമായ ചില ആശയങ്ങൾ, ഖുർആനിന്റെ കാലഘട്ടത്തിലെ ഒരു ഗ്രന്ഥത്തിന് ഉൾക്കൊള്ളാൻ കഴിയുന്നതെങ്ങനെ എന്ന ചോദ്യമാണ് എന്റെ പഠന ശ്രമങ്ങൾക്ക് പ്രചോദനം നൽകിയത്.

ഈ പ്രഭാഷണത്തിൽ വൈദ്യശാസ്ത്ര സമൂഹത്തിലെ പണ്ഡിതരായ ഒരു വിഭാഗത്തിന്, അവർക്ക് നന്നായറിയുന്ന ചില കാര്യങ്ങളെ സംബന്ധിച്ച് ഖുർആൻ നടത്തുന്ന ശാസ്ത്രസ്വഭാവമുള്ള ചില പ്രസ്താവനകൾ അനായാസം ചൂണ്ടിക്കാണിച്ചുകൊടുക്കാൻ എനിക്കു കഴിഞ്ഞു. അതുപോലെ മറ്റു വിഷയങ്ങളിലെ വിദഗ്ധർക്ക് അതതു വിഷയങ്ങളെ സംബന്ധിച്ച ഖുർആനിലെ സൂചനകൾ വിശദീകരിച്ചുകൊടുക്കാനും അവസരമുണ്ടായി. ജ്യോതിശ്ശാസ്ത്രജ്ഞന്മാർ, ജന്തുശാസ്ത്രജ്ഞന്മാർ, ഭൂഗർഭശാസ്ത്രജ്ഞന്മാർ, ഭൂചരിത്രപണ്ഡിതന്മാർ തുടങ്ങിയവരെല്ലാം വൈദ്യശാസ്ത്ര പണ്ഡിതന്മാരെപ്പോലെത്തന്നെ ഖുർആനിലെ ശാസ്ത്ര പരാമർശങ്ങളിൽ അദ്ഭുതപരതന്ത്രരായി. കാരണം, ഖുർആനിലെ ഇത്തരം പരാമർശങ്ങൾ മാനുഷികമായ വിശദീകരണങ്ങൾക്ക് വെല്ലുവിളിയാണെന്ന നിഗമനത്തിലാണ് ശാസ്ത്ര ചരിത്രത്തെ സംബന്ധിച്ച ഗഹനമായ അറിവ് നമ്മെ എത്തിക്കുന്നത്.

ഖുർആനിലെ ഇത്തരം പ്രസ്താവനകളോട് വൈജ്ഞാനികമായി തുല്യത പുലർത്താവുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന മനുഷ്യനിർമിതമായ ഒരു ഗ്രന്ഥവും ആധുനിക കാലഘട്ടത്തിനുമുമ്പ് ഉണ്ടായിട്ടില്ല എന്നതാണ് യാഥാർഥ്യം.

കൂടാതെ, ബൈബിൾ ഉൾക്കൊള്ളുന്ന സമാന വിവരണങ്ങളുമായി

താരതമ്യപഠനം അഭിലഷണീയമായിരിക്കുമെന്നും എനിക്കു തോന്നി. ആധുനിക വിജ്ഞാനത്തെ ഈ രണ്ടു ഏകദൈവത്വ മതങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങളിലെ ചില സൂക്തങ്ങളുമായി തട്ടിച്ചുനോക്കുക എന്ന പദ്ധതിക്ക് രൂപംകൊടുത്തത് അങ്ങനെയാണ്. 'ബൈബിൾ, ഖുർആൻ, ശാസ്ത്രം' എന്ന ശീർഷകത്തിലുള്ള ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണമായിരുന്നു ഫലം. ഒന്നാമത്തെ ഫ്രഞ്ചു പതിപ്പ് 1976 മെയ് മാസത്തിൽ പാരീസിൽ പ്രസിദ്ധീകരിക്കപ്പെട്ടു (La Bible, La Coran La Science, Seghers, Paris). ഇംഗ്ലീഷ് അറബി പതിപ്പുകളും പുറത്തുവന്നിട്ടുണ്ട്. (മലയാള വിവർത്തനവും ലഭ്യമാണ്. വിവ:)

ശാസ്ത്രത്തെയും മതത്തെയും ഇരട്ടപെറ്റ സഹോദരിമാരായിട്ടാണ് ഇസ്ലാം പരിഗണിക്കുന്നതെന്ന കാര്യത്തിൽ അദ്ഭുതമില്ല. ശാസ്ത്രം ഇത്രയേറെ മഹത്തായ പുരോഗതി കൈവരിച്ച ശേഷവും അവ പരസ്പരം ബന്ധപ്പെട്ടുതന്നെ നീങ്ങുന്നു. ചില ഖുർആനിക പരാമർശങ്ങളെ കൂടുതൽ നന്നായി മനസ്സിലാക്കാൻ ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടിത്തങ്ങൾ പ്രയോജനകരമായിത്തീരുന്നുണ്ടെന്നതാണ് വസ്തുത. അധികമാളുകളെ സംബന്ധിച്ചിടത്തോളവും ശാസ്ത്രീയ കണ്ടെത്തലുകൾ മതവിശ്വാസത്തിന് മാരകമായ പ്രഹരമേൽപിച്ചിരിക്കുന്ന ഈ നൂറ്റാണ്ടിൽ, ഇസ്ലാമികാധ്യാപനങ്ങളെ വസ്തുനിഷ്ഠമായി വിശകലനം ചെയ്താൽ, ശാസ്ത്രത്തിന്റെ ചില കണ്ടുപിടിത്തങ്ങളാണ് ദിവ്യബോധനത്തിന്റെ അലൗകിക സ്വഭാവം വെളിവാക്കാൻ സഹായിക്കുന്നതെന്ന് കാണാം.

ചുരുക്കിപ്പറഞ്ഞാൽ, ജനങ്ങളുടെ പൊതുധാരണക്ക് വിരുദ്ധമായി ശാസ്ത്രവിജ്ഞാനം, ദൈവാസ്തിത്വം ബോധ്യപ്പെടുത്താൻ വളരെയേറെ സഹായകമാണെന്നതാണ് വസ്തുത.

നിഷ്പക്ഷമായി, മുൻധാരണകളിൽനിന്ന് വിമുക്തമായി, ആധുനിക വിജ്ഞാനം സംഭാവന ചെയ്ത താത്ത്വികപാഠങ്ങളെ സംബന്ധിച്ച് നാം നമ്മോടുതന്നെ ചോദ്യംചെയ്യാൻ ആരംഭിക്കുകയാണെങ്കിൽ ഈ മാർഗത്തിൽ ചിന്തിക്കാനുള്ള ധാരാളം കാര്യങ്ങൾ കണ്ടെത്തും. ജീവന്റെ ഉദ്ഭവത്തെയും നിലനിൽപിനെയും നിയന്ത്രിക്കുന്ന സംവിധാനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ അത് കേവലം യാദൃച്ഛികതയുടെ ഫലമാകാനുള്ള സാധ്യത കുറഞ്ഞു കുറഞ്ഞു വരുന്നതായി നമുക്ക് ബോധ്യപ്പെടും. നമ്മുടെ വിജ്ഞാനവും പുരോഗതിയും ഏറുന്നതോടെ ഇത് കൂടുതൽ അനുഭവവേദ്യമായിക്കൊണ്ടിരിക്കാനാണ് സാധ്യത. നിലവിലുള്ള ചില സങ്കൽപങ്ങൾ കൂടുതൽ അസ്വീകാര്യങ്ങളായിത്തീരുകയും ചെയ്യുന്നതാണ്. ഉദാഹരണത്തിന്, വൈദ്യശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ ഒരു ഫ്രഞ്ചു ശാസ്ത്രജ്ഞൻ, ജീവനുള്ള വസ്തുക്കളെല്ലാം സ്വയം സൃഷ്ടമായതാ

ണെന്ന സിദ്ധാന്തം ഉന്നയിച്ചു. അവയുടെ പരിണാമത്തിന് ചില രാസഘടകങ്ങൾ സഹായിച്ചിട്ടുണ്ടെന്ന് മാത്രം. അങ്ങനെ ജീവജാലങ്ങൾ ഉദ്ഭവിച്ചു. അത് മനുഷ്യന്റെ ഉദ്ഭവത്തിലേക്കും നയിച്ചു. എന്നെ സംബന്ധിച്ചിടത്തോളം, വലിയ ജീവികളുടെ അദ്ഭുതകരമായ സങ്കീർണതകളെ മനസ്സിലാക്കിത്തന്നശാസ്ത്രപുരോഗതി ഈ വാദത്തിന് എതിരായ തെളിവുകളാണ് മുന്നോട്ടു വെക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അസാധാരണമായ ഒരു ക്രമീകരണസംവിധാനത്തിന്റെ സാന്നിധ്യം ജീവനെന്ന സമസ്യയുടെ സംവിധാനത്തിന് കാർമികത്വം വഹിക്കുന്ന ഒരു അസ്തിത്വമുണ്ടെന്ന വാദത്തിന് അനുകൂലമായ തെളിവ് നൽകുന്നു.

ഖുർആൻ അനേകം സ്ഥലങ്ങളിൽ ലളിതമായ വാക്കുകളിൽ ഈ വസ്തുത വ്യക്തമാക്കുന്നു. ആധുനിക ശാസ്ത്രം കണ്ടെത്തിയ വസ്തുതകളുമായി പൊരുത്തപ്പെടുന്ന അനേകം സൂചനകളും ഖുർആനിലുണ്ട്. നവീന ശാസ്ത്രജ്ഞന്മാരെ ഖുർആൻ ഒരു കാന്തംപോലെ ആകർഷിക്കുന്നതിനുള്ള കാരണവും അതാണ്. കുറച്ചു നൂറ്റാണ്ടുകളായി ഖുർആനിക പരാമർശങ്ങളുടെ യഥാർഥ സത്ത മനസ്സിലാക്കാൻ മനുഷ്യന് കഴിഞ്ഞിരുന്നില്ല. അത് മനസ്സിലാക്കാനുള്ള ശാസ്ത്രീയ മാർഗങ്ങൾ ലഭ്യമായിരുന്നില്ല എന്നതുകൊണ്ടുതന്നെ ആധുനിക കാലത്ത് മാത്രമാണ് ഖുർആൻ പരാമർശിക്കുന്ന ഒട്ടുവളരെ പ്രകൃതിതത്ത്വങ്ങൾ മനസ്സിലാക്കാൻ മനുഷ്യൻ കഴിവാർജിച്ചിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ നിരന്തരം പെരുകിക്കൊണ്ടിരിക്കുന്ന വൈജ്ഞാനിക ശാഖകളുടെ തരംതിരിവുമൂലം, സാധാരണ ശാസ്ത്രജ്ഞന് പ്രത്യേക ഗവേഷണപഠനങ്ങൾ കൊണ്ടല്ലാതെ ഖുർആൻ പൂർണമായി മനസ്സിലാക്കാൻ സാധ്യമല്ലെന്നുവരെ പറയാൻ കഴിയും. ഖുർആൻ വചനങ്ങളെല്ലാം ശരിയായി മനസ്സിലാക്കുന്നതിന് ഒരു വിശ്വവിജ്ഞാനകോശത്തിലെ അറിവ് മുഴുവൻ ആവശ്യമാണെന്നതാണ് പരമാർഥം. അതായത് അനേകം വൈജ്ഞാനിക ശാഖകളിൽ വ്യുൽപത്തി നേടിയിരിക്കണമെന്നു സാരം.

'സയൻസ്'(ശാസ്ത്രം) എന്ന പദം ഞാൻ ഉപയോഗിക്കുന്നത് സുസ്ഥാപിതമായ വിജ്ഞാനം എന്ന അർഥത്തിലാണ്. ചില പ്രതിഭാസങ്ങളെ ചില പ്രത്യേക സന്ദർഭങ്ങളിൽ വിശദീകരിക്കാൻ ഉപയുക്തമായേക്കാവുന്ന തിയറികൾ ഈ ഗണത്തിൽ പെടുന്നില്ല. ശാസ്ത്ര പുരോഗതിയുടെ ഫലമായി പുതിയ വ്യാഖ്യാനങ്ങൾ ഉരുത്തിരിഞ്ഞു വരുമ്പോൾ, ഈ തിയറികളിൽ പലതും ഉപേക്ഷിക്കേണ്ടി വന്നേക്കാം. അടിസ്ഥാനപരമായി, ഖുർആനിലുള്ള ആശയങ്ങളെ തിരുത്തലോ കൂടുതൽ ചർച്ചകളോ ആവശ്യമില്ലാത്തവിധം സുസ്ഥാപിതമായ വിജ്ഞാനങ്ങളുമായി തുലനം ചെയ്യാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. നൂറുശതമാനവും ഖണ്ഡിതമായി സുസ്ഥാപിതമാ

വാത്ത വസ്തുതകൾ പ്രതിപാദിക്കുന്നേടത്ത് ഞാൻ അത് വ്യക്തമാക്കുകയും ചെയ്യുന്നതാണ്.

ആധുനികശാസ്ത്രം ഇനിയും സ്ഥിരീകരിച്ചിട്ടില്ലാത്ത ചില പരാമർശങ്ങൾക്കും ഖുർആനിൽ ഉദാഹരണങ്ങളുണ്ട്. ലഭ്യമായ തെളിവുകൾ അവയുടെ സാധ്യതയിലേക്കു മാത്രം നയിക്കുന്നവയാണെന്നും ഞാൻ വ്യക്തമാക്കുന്നതാണ്. ജീവൻ ജലത്തിൽനിന്ന് ഉദ്ഭവിച്ചതാണെന്ന ഖുർആന്റെ പ്രസ്താവന ഉദാഹരണം. മറ്റൊന്ന്, പ്രപഞ്ചത്തിൽ നമ്മുടേതുപോലുള്ള ഭൂമികൾ നിലവിലുണ്ട് എന്ന സൂചന.

ശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള ഇത്തരം വിലയിരുത്തലുകൾ, ഖുർആൻ പൂർണമായും ഒരു മതഗ്രന്ഥമാണെന്നും ശാസ്ത്രഗ്രന്ഥമല്ലെന്നുമുള്ള വസ്തുത വിസ്മരിക്കാൻ നമ്മെ പ്രേരിപ്പിക്കരുത്. സൃഷ്ടിപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഒട്ടനേകം പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ചും ചിന്തിക്കാൻ ഖുർആൻ മനുഷ്യനെ ക്ഷണിക്കുമ്പോൾ അതിന്റെ ഉദ്ദേശ്യം, ദൈവത്തിന്റെ അജയ്യശക്തിയെ ഊന്നിപ്പറയുക മാത്രമാണ്. ഈ പ്രതിപാദനങ്ങൾക്കിടയിൽ ശാസ്ത്രവിജ്ഞാനവുമായി ബന്ധപ്പെട്ട വസ്തുതകളുടെ അവ്യക്ത സൂചനകൾ ലഭിക്കുന്നു എന്നത് ദൈവത്തിന്റെ മറ്റൊരു അനുഗ്രഹം മാത്രമാണ്. ശാസ്ത്രത്തെ അടിത്തറയാക്കി ഭൗതിക നാസ്തികത ദൈവവിശ്വാസത്തെ പുറംതള്ളി ആധിപത്യം ഉറപ്പിക്കാൻ ശ്രമിക്കുന്ന ഒരു കാലഘട്ടത്തിൽ ആ സൂചനകളുടെ മൂല്യം അപാരമാണ്.

എന്റെ ഗവേഷണം തികച്ചും വസ്തുനിഷ്ഠമായിരിക്കാൻ ഞാൻ നിരന്തരം ശ്രമിച്ചിട്ടുണ്ട്. ഒരു ഡോക്ടർ രോഗിയുടെ ഫയൽ നോക്കുന്നത്ര വസ്തുനിഷ്ഠതയോടെ ഖുർആൻപഠനത്തെ സമീപിക്കുന്നതിൽ ഞാൻവിജയിച്ചിട്ടുണ്ട് എന്നാണെന്റെ വിശ്വാസം. മറ്റു വാക്കുകളിൽ പറഞ്ഞാൽ മുഴുവൻ രോഗലക്ഷണങ്ങളും ശ്രദ്ധാപൂർവം വിശകലനം ചെയ്ത് ഡോക്ടർ രോഗനിർണയത്തിൽ എത്തിച്ചേരുന്നതുപോലുള്ള വസ്തുനിഷ്ഠത. തീർച്ചയായും ഖുർആനിലുള്ള വിശ്വാസമല്ല, പ്രത്യുത സത്യാന്വേഷണപരമായ ഗവേഷണ താൽപര്യം മാത്രമാണ് പ്രാരംഭത്തിൽ എന്റെ പാദങ്ങളെ നയിച്ചിരുന്നതെന്ന വസ്തുത ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. എന്റെ പഠനങ്ങൾ പൂർത്തിയായപ്പോൾ, ഖുർആൻ ഒരു പ്രവാചകന് അവതീർണമായ ഗ്രന്ഥമാണെന്ന വസ്തുതയിലേക്കാണ് അത് എന്നെ നയിച്ചത്.

ശാസ്ത്രസത്യങ്ങളുടെ അംഗീകൃത രേഖകളായി ഇന്നും കണക്കാക്കാൻ കഴിയുന്ന, ഖുർആന്റെ പ്രസ്താവനകളെ (മുൻകാലങ്ങളിലെ ആളുകൾക്ക് അവയുടെ വാക്കർഥം മാത്രമേ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുള്ളൂ) നമുക്കു പരിശോധിക്കാം. എന്തെങ്കിലും മാറ്റത്തിരുത്തലുകൾക്ക് അവ വിധേയമായിരുന്നതായി ഊഹിക്കാൻ പോലും സാധ്യമല്ല. കാരണം,

ഈദൃശ പ്രസ്താവനകൾ ഖുർആന്റെ മൂലത്തിലുടനീളം ചിന്നിച്ചിതറിക്കിടക്കുകയാണ്. മാനുഷിക കയ്യേറ്റങ്ങൾക്ക് അതീതമായി അവ എങ്ങനെ നിലനിൽക്കുന്നു എന്നു ശങ്കിക്കുന്നവരുണ്ടാവാം. മൂലത്തിൽ വരുന്ന അതിനിസ്സാരമായ മാറ്റത്തിരുത്തലുകൾ പോലും ഈ ഗ്രന്ഥത്തിന്റെ പ്രത്യേക സവിശേഷതയായ ഏകതാനത(Coherence)യെ നശിപ്പിക്കുകയും ആധുനിക ശാസ്ത്രീയ വിജ്ഞാനവുമായി കിടനിൽക്കാനുള്ള കഴിവ് ഇല്ലാതാക്കുകയും ചെയ്യുമായിരുന്നു. ഉടനീളം കാണുന്ന ഈ പ്രസ്താവനകളുടെ സാന്നിധ്യം ഒരു നിഷ്പക്ഷ നിരീക്ഷകന് അവയുടെ ആധികാരികത വ്യക്തമാക്കിക്കൊടുക്കുന്നതാണ്.

ഏതാണ്ട് ഇരുപതിലേറെ വർഷങ്ങളിലൂടെ മനുഷ്യന് ബോധനം നൽകപ്പെട്ട പ്രഭാഷണ സമാഹാരമാണ് ഖുർആൻ. ഹിജ്റയുടെ മുമ്പും പിമ്പുമുള്ള രണ്ടു കാലഘട്ടങ്ങളിലായി തുല്യദൈർഘ്യത്തിൽ അത് വിഭജിക്കപ്പെട്ടിരിക്കുന്നു. തൻമൂലം പരാമർശങ്ങൾ ചിതറിക്കിടക്കുന്നതിന് ഒരു ശാസ്ത്രീയ വശമുണ്ടാവുക സ്വാഭാവികമാണ്. നാം നടത്തിയതുപോലുള്ള ഒരു പഠനത്തിൽ, നമുക്ക് അവയെ വിഷയാടിസ്ഥാനത്തിൽ അധ്യായങ്ങളിൽനിന്നായി ശേഖരിക്കേണ്ടിയിരിക്കുന്നു.

എങ്ങനെയാണ് അവയെ തരംതിരിക്കുക? ഏതെങ്കിലും പ്രത്യേക തരംതിരിവിനെ നിർദേശിക്കുന്ന എന്തെങ്കിലും പരാമർശങ്ങൾ ഖുർആനിൽ എനിക്കു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് വ്യക്തിപരമായി ഞാൻ അവലംബിച്ച ഒരു തരംതിരിവിന്റെ അടിസ്ഥാനത്തിൽ അവയെ അവതരിപ്പിക്കാൻ ഞാൻ തീരുമാനിച്ചു.

തദവസരത്തിൽ, ആദ്യമായി കൈകാര്യം ചെയ്യപ്പെടേണ്ടത് സൃഷ്ടിപ്പിനെ സംബന്ധിച്ച പരാമർശങ്ങളാണെന്ന് എനിക്ക് തോന്നുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട സൂക്തങ്ങളെ പ്രപഞ്ചത്തിന്റെ ഉദ്ഭവത്തെക്കുറിച്ച് ഇന്ന് നിലവിലുള്ള ആശയങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുന്നതാണ്. അടുത്തതായി ഞാൻ സൂക്തങ്ങളെ താഴെ പറയുന്ന പൊതു ശീർഷകങ്ങളിലായി വിഭജിച്ചിരിക്കുന്നു: ജ്യോതിശ്ശാസ്ത്രം, ഭൂമി, ജന്തു, സസ്യജാലങ്ങൾ, മനുഷ്യൻ, മനുഷ്യന്റെ പ്രത്യുൽപാദനം (ഈ വിഷയത്തിന് ഖുർആൻ വളരെയേറെ പ്രാധാന്യം നൽകിയിട്ടുണ്ട്). പൊതുവായ ഈ ശീർഷകങ്ങളോടൊപ്പം ഉപശീർഷകങ്ങളും ചേർക്കുക സാധ്യമാണ്. ഇതു കൂടാതെ ഖുർആന്റെയും ബൈബിളിന്റെയും പരാമർശങ്ങൾ ആധുനിക വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ താരതമ്യം ചെയ്യുന്നതും പ്രയോജനപ്രദമാണെന്ന് ഞാൻ കരുതുന്നു. സൃഷ്ടി, പ്രളയം, പലായനം തുടങ്ങിയ വിഷയങ്ങളിൽ ഞാൻ ഇതു ചെയ്തിട്ടുണ്ട്.

## പ്രപഞ്ചസൃഷ്ടി

സൃഷ്ടിപ്പിനെക്കുറിച്ച് ഖുർആൻ എന്തു പറയുന്നു എന്നു പരിശോധിക്കാം.

വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു പൊതുതത്ത്വം ഇവിടെ പ്രസക്തമാണ്. ഈ വിഷയകമായി വന്ന ബൈബിൾ വചനങ്ങളുമായുള്ള വ്യത്യാസമാണത്. രണ്ടു ഗ്രന്ഥങ്ങൾക്കുമിടക്കുള്ള സാമ്യത അടിവരയിട്ടു കാണിക്കാൻ മാത്രം പാശ്ചാത്യ ഗ്രന്ഥകാരന്മാർ പലപ്പോഴും തെറ്റായി വരക്കുന്ന സമാന്തര രേഖകളെ നിഷേധിക്കുന്നതാണ് ഈ തത്ത്വം. സൃഷ്ടിപ്പിനെക്കുറിച്ചും ഇതര വിഷയങ്ങളെക്കുറിച്ചും സംസാരിക്കുമ്പോൾ, മുഹമ്മദ് ബൈബിൾ വിവരണങ്ങൾ പകർത്തിയതാണെന്ന് അവകാശപ്പെടുന്ന ശക്തമായ പ്രവണത പടിഞ്ഞാറ് നിലവിലുണ്ട്. ബൈബിളിലെ, 'ആറു ദിവസങ്ങളിലായി സൃഷ്ടി നടത്തി ഏഴാം ദിവസം ദൈവം വിശ്രമമെടുത്തു' എന്ന പ്രസ്താവന ഖുർആൻ സൂക്തവുമായി താരതമ്യം ചെയ്തുനോക്കുക!

"നിങ്ങളുടെ നാഥൻ അല്ലാഹു ആകാശങ്ങളും ഭൂമിയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചു."(7:54)

ഈ സൂക്തത്തിന് ആധുനിക വ്യാഖ്യാതാക്കൾ നൽകുന്ന വ്യാഖ്യാനപ്രകാരം 'അയ്യാം' (ദിവസങ്ങൾ) എന്നാൽ നീണ്ട കാലഘട്ടങ്ങൾ, അല്ലെങ്കിൽ യുഗങ്ങൾ ആണ്; സാധാരണ ഇരുപത്തിനാലു മണിക്കൂർ ദിനങ്ങളല്ല. ഈ വിഷയകമായി, അടിസ്ഥാന പ്രാധാന്യമർഹിക്കുന്ന വസ്തുതയായി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് മറ്റൊന്നാണ്. ബൈബിൾ പ്രസ്താവനക്ക് വിരുദ്ധമായി ഖുർആൻ, ഭൂമിയുടെയും ആകാശങ്ങളുടെയും സൃഷ്ടിപ്പിന്, ഒന്നിന് ശേഷം ഒന്ന് എന്ന ഒരു ക്രമം എടുത്തുപറയുന്നില്ല എന്നതാണത്. സൃഷ്ടിപ്പിനെക്കുറിച്ചു വിവരിക്കുമ്പോൾ, ഭൂമിക്കു മുമ്പായി ആകാശങ്ങളെയും മറിച്ചും പ്രസ്താവിക്കുന്നുണ്ട്.

"ഭൂമിയും ഉന്നത ആകാശങ്ങളും സൃഷ്ടിച്ചവനാണവൻ." (20:4)

യഥാർഥത്തിൽ ഭൂമിയുടെയും ആകാശങ്ങളുടെയും പരിണാമങ്ങൾ സമാനകാലങ്ങളിൽ സംഭവിച്ചു എന്നാണ് ഖുർആൻ പരാമർശങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയുക. ആകാശഭൂമികൾ മൊത്തം വാതകാവസ്ഥയിൽ സ്ഥിതിചെയ്തിരുന്നതായും അവ പരസ്പരം ഒട്ടിച്ചേർന്നിരുന്നതായും(റത്ഖ) പിന്നീട് വേർപ്പെടുത്തപ്പെട്ടതായും സൂചനയുണ്ട്: "ആകാശം പുകയായിരുന്നപ്പോൾ അല്ലാഹു ആകാശത്തേക്കു തിരിഞ്ഞു."(41:11)

"ആകാശഭൂമികൾ ഒട്ടിപ്പിടിച്ച് ഒന്നുചേർന്നതായിരുന്നു. നാം അവയെ

വേർപ്പെടുത്തിയത് അവിശ്വാസികൾ മനസ്സിലാക്കുന്നില്ലേ?"(21:30)

വിഭിന്ന ലോകങ്ങൾ വേർപ്പെടുത്തിയതിനെ സംബന്ധിച്ച് ഖുർആനിൽ ഒരു ഡസനിലേറെ സ്ഥലങ്ങളിൽ പ്രസ്താവനയുണ്ട്. 'അൽഫാതിഹ' അധ്യായത്തിൽ ഒന്നാമത്തെ സൂക്തം ഇപ്രകാരമാണ്:

"ലോകങ്ങളുടെ നാഥനായ അല്ലാഹുവിന് സർവ സ്തുതിയും."

ഈ പ്രസ്താവനകളെല്ലാം ആധുനിക ശാസ്ത്രത്തിന്റെ ആശയങ്ങളുമായി പൊരുത്തപ്പെട്ടവയാണ്. പ്രഥമ ഘട്ടത്തിൽ നെബുല, പിന്നീട് വിഘടനത്തിന്റെ പ്രാരംഭമായി പ്രത്യേകമായ പിണ്ഡം, അവയുടെ വിഭജനഫലമായി ഗാലക്സികളും അവയിൽ നിന്ന് നക്ഷത്രങ്ങളും, നക്ഷത്രങ്ങളിൽ നിന്ന് ഗ്രഹങ്ങളും രൂപം പൂണ്ടു എന്നാണല്ലോ ആധുനിക വിഭാവനം.

ആകാശങ്ങൾക്കും ഭൂമിക്കുമിടയിലുള്ള ഒരു ഇടനില (Intermediary) യെക്കുറിച്ചു പരാമർശമുണ്ട്:

"ആകാശഭൂമികളെയും അവക്കിടയിലുള്ളതിനെയും സൃഷ്ടിച്ച അല്ലാഹു ഏകനാണ്."(25:59)

വ്യവസ്ഥാപിതമായ ജ്യോതിർമണ്ഡലങ്ങൾക്കിടയിൽ സവിശേഷമായ പദാർഥസഞ്ചയത്തിന്റെ ഇടനിലങ്ങൾ (Bridges) ഉള്ളതായി പ്രഖ്യാപിക്കുന്ന ആധുനിക കണ്ടുപിടിത്തങ്ങളോട് യോജിക്കുന്നതാണ് ഈ പ്രസ്താവന.

ഖുർആനിലുള്ള വിവരങ്ങളും പ്രസ്താവനകളും ആധുനിക വിജ്ഞാനത്തോട് ഒട്ടേറെ കാര്യങ്ങളിൽ യോജിക്കുന്നതായി ഈ പഠനങ്ങൾ വ്യക്തമാക്കുന്നു. ബൈബിൾ പ്രസ്താവനകളിൽനിന്നും നാം ഒട്ടേറെ ദൂരം മുന്നോട്ടുപോന്നുകഴിഞ്ഞു. ബൈബിൾ, സൃഷ്ടിപ്പ് ഒന്നിനു പിറകെ ഒന്നായി നടന്നതായി വിവരിക്കുന്നു. ആകാശങ്ങളുടെ സൃഷ്ടിപ്പിന് (4-ാം ദിവസം) മുമ്പായി ഭൂമി (3-ാം ദിവസം) സൃഷ്ടിക്കപ്പെട്ടു. ഭൂമി അതിന്റെ നക്ഷത്രമായ സൂര്യനിൽനിന്നും ഉദ്ഭവിച്ചതാണെന്ന വസ്തുത ഇന്ന് അറിയപ്പെട്ടുകഴിഞ്ഞിരിക്കുന്നു. വസ്തുത ഇതായിരിക്കെ ഖുർആൻ ആശയങ്ങൾ ബൈബിളിൽനിന്ന് പകർത്തിയതാണെന്ന് എങ്ങനെ പറയാൻ കഴിയും? പ്രപഞ്ചത്തിന്റെ ഉദ്ഭവം സംബന്ധിച്ച് ബൈബിൾ വിവരണം തിരുത്തി, തനിക്കു ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞു മാത്രം മനുഷ്യൻ കണ്ടെത്താനിരിക്കുന്ന വസ്തുതകൾ മുഹമ്മദ്നബി ഖുർആനിൽ എഴുതിച്ചേർത്തു എന്നു ചിന്തിക്കാൻ കഴിയുമോ?

## ജ്യോതിശ്ശാസ്ത്രം: പ്രകാശവും ചലനവും

ഇനി നമുക്ക് ജ്യോതിശ്ശാസ്ത്രത്തിലേക്ക് തിരിയാം. ജ്യോതിശ്ശാസ്ത്രപരമായി ഖുർആനിലുള്ള വിവരങ്ങൾ ഞാൻ പാശ്ചാത്യർക്ക് വിവരിച്ചുകൊടുക്കുമ്പോഴെല്ലാം, അറബികൾ യൂറോപ്യന്മാർക്കു മുമ്പുതന്നെ

സുപ്രധാന ജ്യോതിശ്ശാസ്ത്ര കണ്ടുപിടിത്തങ്ങൾ നടത്തിയവരായതു കൊണ്ട് ഈ കാര്യത്തിൽ അദ്ഭുതമില്ല എന്നു പറയുക സാധാരണമാണ്. യഥാർഥത്തിൽ ചരിത്രത്തെ സംബന്ധിച്ച അജ്ഞതയിൽനിന്നുടലെടുത്ത ഒരു ആശയം മാത്രമാണിത്. ഒന്നാമതായി അറേബ്യൻ നാടുകളിൽ ശാസ്ത്രം വികാസം പ്രാപിച്ചത് ഖുർആനിക വിപ്ലവത്തിനു ശേഷം മാത്ര മായിരുന്നു. രണ്ടാമതായി ഇസ്‌ലാമിക നാഗരികതയുടെ അത്യുന്നതാവ സ്ഥയിൽ ആർജിതമായിരുന്ന ശാസ്ത്രവിജ്ഞാനം, പ്രപഞ്ചത്തെ സംബ ന്ധിച്ച ഖുർആൻ പ്രസ്താവനകളോട് കിടപിടിക്കുന്ന ആശയങ്ങൾ ഉന്ന യിക്കാൻ മാത്രം വളർച്ച പ്രാപിച്ചതായിരുന്നില്ല.

വിഷയം വളരെ വിശാലമാണ്. ഒരു സംക്ഷിപ്ത വിവരണം മാത്രമേ സാധ്യമാവൂ. സൂര്യനും ചന്ദ്രനും ആകാശത്തിൽനിന്നും ഭിന്നമായി പ്രകാ ശിക്കുന്ന രണ്ടു ഗോളങ്ങളായി ബൈബിൾ വിവരിക്കുമ്പോൾ, ഖുർആൻ അവയെ ഭിന്നമായി കാണുകയും വ്യത്യസ്ത വിശേഷണങ്ങൾ നൽകു കയും ചെയ്യുന്നു. ചന്ദ്രനെ പ്രകാശം (നൂർ) എന്നും സൂര്യനെ വിളക്ക് (സിറാജ്) എന്നുമാണ് വിശേഷിപ്പിക്കുന്നത്. ആദ്യത്തേത് പ്രകാശത്തെ പ്രതിഫലിപ്പിക്കുകമാത്രം ചെയ്യുമ്പോൾ രണ്ടാമത്തേത് നിരന്തരമായ ജ്വല നത്തിലൂടെ ചൂടും വെളിച്ചവും ഉൽപാദിപ്പിച്ചുകൊണ്ടേയിരിക്കുന്നു. നക്ഷ ത്രത്തെയും പ്രത്യേകമായ വിശേഷണമുപയോഗിച്ചാണ് വിവരിക്കുന്നത്. അന്ധകാരത്തിൽ സ്വയം ജ്വലിച്ച് നശിക്കുന്ന അസ്തിത്വം, 'ഥാഖിബ്' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. 'കൗകബ്' എന്ന പദം, പ്രകാശം ഉൽപാദിപ്പി ക്കാത്ത, പ്രകാശത്തെ പ്രതിഫലിപ്പിക്കുക മാത്രം ചെയ്യുന്ന ഗോളങ്ങളെ (ഗ്രഹങ്ങളെ) സൂചിപ്പിക്കുന്നു.

ആകർഷണ ശക്തികൊണ്ട് നിർണിത സഞ്ചാരപഥങ്ങളിൽ ബന്ധി തമായി ആകാശഗോളങ്ങൾ ചലിക്കുന്നു എന്ന കാര്യം ഇന്നു പരക്കെ അറി യപ്പെടുന്നതാണ്. അൽഅമ്പിയാഅ് അധ്യായത്തിൽ ഖുർആൻ ഉദ്ഘോ ഷിച്ചത് ഇതുതന്നെയാണ്: "രാത്രിയെയും പകലിനെയും സൂര്യനെയും ചന്ദ്ര നെയും സൃഷ്ടിച്ചവൻ! എല്ലാം ഓരോ പഥങ്ങളിൽ ചലിച്ചുകൊണ്ടേയിരി ക്കുന്നു"(21:33). ചലിക്കുന്നു എന്ന അർഥത്തിൽ ഉപയോഗിച്ചിരിക്കുന്ന അറബിപദം 'സബഹ' എന്നാണ്. ചലിക്കുന്ന ഏതൊരു വസ്തുവിന്റെയും ചലനത്തെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കുന്നു. ഓടുന്ന ഒരാളുടെ പാദങ്ങളുടെ ചലനമാകട്ടെ, വെള്ളത്തിൽ നീന്തുമ്പോഴുള്ള ചലനമാവട്ടെ എല്ലാം ഈ പദം കൊണ്ട് വ്യവഹരിക്കാറുണ്ട്. ആകാശഗോളങ്ങളുടെ കാര്യ ത്തിൽ 'സ്വന്തം ചനലംകൊണ്ട് സ്വയം സഞ്ചരിക്കുന്ന' എന്ന പരിഭാഷയാ യിരിക്കും മൂലത്തോട് നീതി ചെയ്യുന്നത്.

രാവും പകലും തുടർച്ചയായി സംഭവിക്കുന്നത് ആധുനിക സാങ്കേതിക

ശൈലിയിൽ ഖുർആൻ വിവരിക്കുന്നതു വളരെയേറെ പ്രാധാന്യമർഹിക്കുന്നതാണ്. അസ്സുമർ അധ്യായത്തിലെ സൂക്തം അഞ്ചിൽ 'കവ്വറ' എന്ന ക്രിയാപദമാണ് ഉപയോഗിച്ചിരിക്കുന്നത്. പകൽ രാത്രിയെ ചുറ്റുന്നു, ശിരോവസ്ത്രം ചുറ്റുന്നതുപോലെ. ഇതു വളരെയേറെ പ്രസക്തമായ ഉപമയാണ്. ഖുർആൻ അവതരിക്കുന്ന കാലത്ത് ഇതുസംബന്ധിച്ച ജ്യോതിശ്ശാസ്ത്ര രഹസ്യങ്ങൾ അറിയപ്പെട്ടിരുന്നില്ല. ആകാശങ്ങളുടെ പരിണാമങ്ങളെക്കുറിച്ചും സൂര്യന്റെ നിർണിത സ്ഥാനത്തെക്കുറിച്ചും ഖുർആനിൽ പരാമർശമുണ്ട്. ആധുനിക വിജ്ഞാനത്തിന്റെ വിശദാംശങ്ങളിൽ പോലും യോജിക്കുന്ന വിധം പ്രപഞ്ചത്തിന്റെ വികാസത്തെക്കുറിച്ചും ഖുർആൻ പ്രതിപാദിക്കുന്നുണ്ട്. മനുഷ്യൻ ശൂന്യാകാശത്തെ കീഴടക്കുന്നതിനെക്കുറിച്ചുള്ള സൂചനയും ഖുർആനിൽ കാണാം. ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ അദ്ഭുതകരമായ പുരോഗതിയുടെ ഫലമായി ചന്ദ്രനിൽ കാലുകുത്താൻ മനുഷ്യനു കഴിഞ്ഞു. താഴെ കൊടുത്തിട്ടുള്ള സൂക്തം വായിക്കുമ്പോൾ ഈ കാര്യം മനസ്സിലുദിക്കാതിരിക്കില്ല:

"ജിന്നുകളുടെയും മനുഷ്യരുടെയും വർഗമേ, ആകാശ മണ്ഡലങ്ങളിലേക്ക് നുഴഞ്ഞുകയറാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ നുഴഞ്ഞുകയറുക. നമ്മുടെ അധികാരം കൂടാതെ നിങ്ങൾക്കൊരിക്കലും നുഴഞ്ഞുകയറാൻ സാധ്യമല്ല."(55:33)

സർവശക്തനായ അല്ലാഹുവിൽനിന്നാണ് ഈ അധികാരം വരുന്നത്. ഈ അധ്യായത്തിലെ മുഴുവൻ പ്രതിപാദനവും അല്ലാഹു മനുഷ്യന് ചെയ്ത അനുഗ്രഹങ്ങൾ അംഗീകരിക്കാനുള്ള ആഹ്വാനമാണ്.

## ഭൂമി

നമുക്ക് ഭൂമിയിലേക്ക് മടങ്ങിവരാം. ഉദാഹരണത്തിന് ഈ സൂക്തം പരിശോധിക്കുക:

"അല്ലാഹു ആകാശത്തുനിന്ന് വെള്ളം ഇറക്കി ഭൂമിയിൽ ഉറവകളാക്കിയത് നീ കാണുന്നില്ലേ? പിന്നീടതുമൂലം വയലുകളിൽ വ്യത്യസ്ത വർണങ്ങൾ വളരാൻ കാരണമാക്കി."(39:21)

ഇന്ന് ഇക്കാര്യം സാധാരണമായ ഒന്നായി നമുക്കു തോന്നാം. പക്ഷേ, വളരെക്കാലം മുമ്പ് അതായിരുന്നില്ല അവസ്ഥ. 16-ാം നൂറ്റാണ്ടിൽ ബർണാഡ് പാലിസ്സി (Bernad Palissy) പ്രകൃതിയിലെ ജല പരിവൃത്തിയെക്കുറിച്ച് അംഗീകൃതമായ വിവരണങ്ങൾ നൽകുന്നതുവരെ അതു സംബന്ധിച്ച ജനങ്ങളുടെ ധാരണ പലതായിരുന്നു. സമുദ്രത്തിലെ ജലം കാറ്റിന്റെ ശക്തികൊണ്ട് ഭൂമിയുടെ ആന്തരികതലങ്ങളിലേക്ക് അടിച്ചുകയറി ഉറവകൾ രൂപം പ്രാപിക്കുന്നു എന്നായിരുന്നു ഒരു സങ്കൽപം. ആ വെള്ളം

വീണ്ടും സമുദ്രത്തിലേക്ക് അരുവികളായി ഒഴുകുന്നു. പ്ലാറ്റോയുടെ കാലം മുതൽ 'ടാർടറസ്' (Tartaruss) എന്നാണ് ഈ ജലപ്രവാഹങ്ങളെ വിളിച്ചിരുന്നത്. 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ദെക്കാർത്തയെപ്പോലുള്ള ഉന്നത പണ്ഡിതന്മാർ വരെ ഈ തിയറിയിൽ വിശ്വസിച്ചിരുന്നു. 19-ാം നൂറ്റാണ്ടിൽ പോലും അരിസ്റ്റോട്ടിൽ തിയറിയെക്കുറിച്ച സംസാരമുണ്ടായിരുന്നു. തണുത്ത പർവത ഗഹ്വരങ്ങളിൽ വെള്ളം ഉറഞ്ഞു വലിയ ഭൂഗർഭതടാകങ്ങൾ ഉണ്ടാവുകയും അവയിൽനിന്ന് ഭൂമിയിലെ ഉറവകൾക്ക് ജലം ലഭിക്കുകയും ചെയ്യുന്നു എന്നതാണ് അരിസ്റ്റോട്ടിൽ തിയറി. മഴ വർഷിച്ച് ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്ന വെള്ളമാണ് ഉറവകൾക്ക് ജലം നൽകുന്നതെന്ന് ഇന്ന് നമുക്കറിയാം. ഈ വിഷയകമായി ഖുർആനിൽ വന്ന സൂക്തങ്ങളിലുള്ള അനേകം സൂചനകളെ ആധുനിക ഹൈഡ്രോളജിയുടെ തത്ത്വങ്ങളുമായി തുലനംചെയ്തു നോക്കുകയാണെങ്കിൽ അവക്കിടയിലുള്ള അദ്ഭുതകരമായ തോതിലുള്ള സാമ്യത ശ്രദ്ധിക്കപ്പെടാതിരിക്കാൻ കഴിയില്ല.

ഭൂഗർഭശാസ്ത്ര (Geology)ത്തിൽ അടുത്തകാലത്തായി ലഭ്യമായ ഒരു അറിവാണ്, മലകൾ രൂപം പ്രാപിച്ചത് ഭൂമടക്കുകളിൽനിന്നാണെന്ന്. ഉറച്ച പുറംതോടുപോലെ നമുക്കു ജീവിക്കാൻ പാകത്തിൽ രൂപപ്പെട്ട ഉപരിതലം, ചൂടുപിടിച്ചതും ഒരു തരത്തിലുള്ള ജീവനെയും പൊറുപ്പിക്കാത്തതുമായ ആന്തരികതലം, ഇതെക്കുറിച്ചെല്ലാം വിശദമായിത്തന്നെ ഇന്ന് അറിയപ്പെട്ടിട്ടുണ്ട്. പർവതങ്ങളുടെ സുസ്ഥിരത ഭൂമടക്കുകളു (Foldings)മായി ബന്ധപ്പെട്ടിരിക്കുന്നു എന്നും കണ്ടെത്തിയിട്ടുണ്ട്. പർവതങ്ങൾക്ക് അസ്തിവാരമായി വർത്തിക്കുന്നതും ഈ ഭൂമടക്കുകളാണ്. ആധുനികമായ ഈ വിജ്ഞാനങ്ങളെ താഴെ കൊടുത്തിട്ടുള്ള സൂക്തങ്ങളുമായി താരതമ്യം ചെയ്തു നോക്കുക:

"ഭൂമിയെ നാം വിശാലമാക്കിയില്ലേ? പർവതങ്ങളെ ആണികളാക്കിയില്ലേ?"(78:6,7)

'ഔത്താദ്' (ആണികൾ) എന്നാൽ കൂടാരം ഉറപ്പിക്കുന്നതിനു വേണ്ടി ഭൂമിയിൽ ആഴ്ത്തുന്ന, കൂർത്ത മുനകളോടുകൂടിയ തൂണുകളാണ്. പർവതങ്ങൾക്ക് ഉറപ്പുനൽകാൻ ഭൂഗർഭത്തിൽ വർത്തിക്കുന്ന ഭൂമടക്കുകൾക്ക് ഏറ്റവും യോജിച്ച പ്രയോഗം!

എന്നാൽ മറ്റെന്തിനെക്കാളും ജീവജാലങ്ങളെ സംബന്ധിച്ച പരാമർശങ്ങളാണ് എന്നെ ഏറെ അദ്ഭുതപ്പെടുത്തുന്നത്. ജന്തുജാലങ്ങളെക്കുറിച്ചും സസ്യജാലങ്ങളെക്കുറിച്ചും പ്രത്യുൽപാദനത്തെക്കുറിച്ചുമുള്ള സവിശേഷ പരാമർശങ്ങൾ. ഇവിടെ ഞാൻ വീണ്ടും ഒരു യാഥാർഥ്യം ഊന്നിപ്പറയുന്നു. അതായത് ശാസ്ത്രപുരോഗതി പല സൂക്തങ്ങളുടെയും ഉള്ളടക്കം കൂടുതൽ നന്നായി ഗ്രഹിക്കാൻ നമ്മെ പ്രാപ്തരാക്കിയിട്ടുണ്ട്.

കേൾക്കുന്ന മാത്രയിൽ കാര്യം ഗ്രഹിക്കാൻ കഴിയുന്ന ചില സൂക്തങ്ങളുണ്ട്. പക്ഷേ, വളരെയേറെ പ്രാധാന്യമർഹിക്കുന്ന ജീവശാസ്ത്രതത്ത്വങ്ങൾ അവയിൽ ഒളിഞ്ഞിരിക്കുന്നുണ്ടാവും. താഴെ കൊടുക്കുന്ന വചനമെടുക്കുക:

"ഭൂമിയും ആകാശവും പരസ്പരം ഒട്ടിപ്പിടിച്ചതായിരുന്നു എന്ന് അവിശ്വാസികൾ മനസ്സിലാക്കുന്നില്ലേ? പിന്നീട് നാം അവയെ വേർപ്പെടുത്തി. ജീവനുള്ള മുഴുവൻ വസ്തുക്കളെയും നാം വെള്ളത്തിൽനിന്നു സൃഷ്ടിച്ചിരിക്കുന്നു." (21:30)

ജീവന്റെ ഉദ്ഭവം വെള്ളത്തിൽനിന്നാണെന്ന ആധുനിക ആശയം വ്യക്തമാക്കുകയാണിവിടെ.

സസ്യങ്ങളിൽ ആൺ-പെൺ വിഭാഗങ്ങളുണ്ടെന്ന് മനസ്സിലാക്കാൻ മാത്രം മുഹമ്മദ് നബിയുടെ കാലത്ത് സസ്യശാസ്ത്രം പുരോഗതി പ്രാപിച്ചിരുന്നില്ല. ഈ വചനം ശ്രദ്ധിക്കുക:

"ആകാശത്തുനിന്നു നാം ജലം ഇറക്കി. അങ്ങനെ നാം ഇണകളായി സസ്യങ്ങളെ സൃഷ്ടിച്ചു. ഓരോന്നും പരസ്പരം വ്യത്യസ്തമാണ്."(20:53)

പഴവർഗങ്ങളിൽ ലിംഗവ്യത്യാസമുണ്ടെന്ന് ഇന്നു നമുക്കറിയാം. (പ്രത്യുൽപാദനക്ഷമമാകാത്ത പൂക്കളിൽ നിന്നുദ്ഭവിക്കുന്ന ഈത്തപ്പഴംപോലുള്ള ഫലങ്ങളിൽ പോലും അതുണ്ട്.)

"എല്ലാ ഫലവർഗങ്ങളിലും അല്ലാഹു ഇണകളെ ഒരുക്കിയിരിക്കുന്നു."(13:3)

ജന്തുക്കളുടെ പ്രത്യുൽപാദനത്തെക്കുറിച്ച പരാമർശം മനുഷ്യന്റെ പ്രത്യുൽപാദനവുമായി ബന്ധപ്പെടുത്തി വിവരിക്കുന്നു. നമുക്കു പരിശോധിക്കാം.

ശരീരശാസ്ത്ര സംബന്ധമായി, വളരെയേറെ പ്രസക്തമായി എനിക്കു തോന്നിയ ഒരു സൂക്തമുണ്ട്. മനുഷ്യശരീരത്തിലെ രക്തചംക്രമണത്തെക്കുറിച്ചു മനസ്സിലാക്കുന്നതിന് ആയിരം വർഷം മുമ്പ്, കുടലിൽ നടക്കുന്ന പചനക്രിയയിലൂടെ വലിച്ചെടുക്കപ്പെടുന്ന പോഷകങ്ങളാണ് ശരീരാവയവങ്ങൾക്ക് ലഭിക്കുന്നതെന്ന് മനസ്സിലാക്കപ്പെടുന്നതിന് 13 നൂറ്റാണ്ടുകൾക്കു മുമ്പ്, ഖുർആൻ ജന്തുശരീരത്തിൽ പാൽ രൂപപ്പെടുന്നതിന്റെ സ്വഭാവം ആധുനിക വിജ്ഞാനങ്ങൾക്ക് യോജിച്ചവിധം വിവരിച്ചിരിക്കുന്നു!

പ്രസ്തുത സൂക്തം ശരിയായി മനസ്സിലാക്കാൻ, കുടലിൽ നടക്കുന്ന രാസപ്രവർത്തനങ്ങളെക്കുറിച്ചു നാം മനസ്സിലാക്കേണ്ടതുണ്ട്. കുടലിൽ വെച്ച് ഭക്ഷണത്തിൽനിന്നും വേർതിരിക്കപ്പെടുന്ന പോഷകഘടകങ്ങൾ സങ്കീർണമായ ഒരു പ്രക്രിയയിലൂടെ രക്തപ്രവാഹത്തിൽ ചേരുന്നു. അത് ചിലപ്പോൾ കരൾ വഴിയായിരിക്കും. ഈ പ്രക്രിയ അവയുടെ രാസസ്വഭാ

വമനുസരിച്ചാണ് സംഭവിക്കുന്നത്. രക്തം ഈ ഘടകങ്ങളെ ശരീരത്തിലെ വിവിധ അവയവങ്ങളിലേക്ക് എത്തിക്കുന്നു. മാതാവിന്റെ ശരീരത്തിൽ പാൽ ഉൽപാദിപ്പിക്കുന്ന ഗ്രന്ഥികളിലേക്കും അങ്ങനെ പോഷകങ്ങളെത്തിക്കുന്നു. വിശദാംശങ്ങളിലേക്കു കടക്കാതെത്തന്നെ പറയട്ടെ: കുടലിൽനിന്നുള്ള ചില ഘടകങ്ങൾ, കുടൽചർമങ്ങളിലെ അറകളിൽതന്നെ എത്തിച്ചേരുന്നുണ്ട്. രക്തംവഴിയാണ് ഇത് എത്തിച്ചേരുന്നത്. അന്നഹ്ൽ അധ്യായത്തിലെ 66-ാം സൂക്തം പൂർണമായി മനസ്സിലാക്കാൻ മേൽപറഞ്ഞ വിവരങ്ങൾ സഹായിക്കും.

"തീർച്ചയായും കന്നുകാലികളിൽ നിങ്ങൾക്ക് പാഠമുണ്ട്. അവയിൽ നിന്നും നിങ്ങൾക്ക് കുടിക്കാനുള്ള പാനീയം നാം നൽകുന്നു. കുടൽ പദാർഥങ്ങളുടെയും രക്തത്തിന്റെയും ഇടയിൽനിന്നു വരുന്ന ശുദ്ധവും രുചികരവുമായ പാൽ ആണത്."(അന്നഹ്ൽ:66)

## മനുഷ്യന്റെ സൃഷ്ടിപ്പ്

മനുഷ്യന്റെ പ്രത്യുൽപാദനം എന്ന വിഷയം കൈകാര്യം ചെയ്യുന്ന ഒട്ടേറെ സൂക്തങ്ങൾ ഖുർആനിലുണ്ട്. ഈ സൂക്തങ്ങൾ ഒരു ഭ്രൂണശാസ്ത്രജ്ഞന് വെല്ലുവിളിയാണ്. ജന്തുശാസ്ത്രം സംബന്ധിച്ച വിവരങ്ങൾ പ്രദാനം ചെയ്ത അടിസ്ഥാന ശാസ്ത്രവിജ്ഞാനത്തിന്റെ ജനനത്തിനു ശേഷം, വിശേഷിച്ച്, മൈക്രോസ്കോപിന്റെ കണ്ടുപിടിത്തത്തിനു ശേഷം മാത്രമാണ് ആ പ്രസ്താവനകൾ യഥാവിധി മനസ്സിലാക്കാൻ നമുക്ക് കഴിഞ്ഞത്. 7-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ജീവിച്ച ഒരാൾക്ക് ഈ ആശയങ്ങൾ ഉണ്ടാവുക അസാധ്യമാണ്. മധ്യപൗരസ്ത്യദേശത്തെ അറബികൾ, യൂറോപ്പിലോ മറ്റിടങ്ങളിലോ ജീവിച്ചിരുന്നവരേക്കാൾ ഈ വിഷയത്തിൽ എന്തെങ്കിലും കൂടുതൽ അറിയുന്നവരായിരുന്നു എന്നുള്ളതിന് ഒരു സൂചനയും ലഭ്യമല്ല. ഇക്കാലത്ത് ഖുർആനിലും പ്രകൃതിശാസ്ത്രങ്ങളിലും അഗാധപരിജ്ഞാനം നേടിയശേഷം, മനുഷ്യന്റെ പ്രത്യുൽപാദനത്തെ സംബന്ധിച്ച ഖുർആന്റെ പരാമർശങ്ങളെയും ശാസ്ത്രവിജ്ഞാനത്തെയും വ്യക്തമായി ബന്ധിപ്പിക്കാൻ മുസ്‌ലിംകൾക്ക് കഴിയുന്നുണ്ട്. പ്രത്യുൽപാദനത്തെ സംബന്ധിച്ചു സമർഥമായി മറുപടി പറഞ്ഞ സുഊദി അറേബ്യയിലെ ഒരു പതിനെട്ട് വയസ്സുകാരനെ ഞാൻ ഓർക്കുന്നു. അയാൾ പറഞ്ഞു: "ഈ ഗ്രന്ഥം വിഷയത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും നൽകുന്നു. ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ ശിശുജനനത്തെക്കുറിച്ചും മറ്റും ഖുർആൻ പാഠങ്ങളിലൂടെ തന്നെ എനിക്ക് വിവരിച്ചുതരുമായിരുന്നു. ലൈംഗിക വിദ്യാഭ്യാസത്തെ സംബന്ധിച്ച നിങ്ങളുടെ പുസ്തകങ്ങൾ വൈകിയാണല്ലോ രംഗത്തെത്തുന്നത്?"

ഖുർആന്റെ അവതരണകാലത്ത് സമൂഹത്തിൽ നിലവിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളും കെട്ടുകഥകളും, ഖുർആൻ ഉൾക്കൊള്ളുന്ന ആധുനിക ശാസ്ത്രീയ സത്യങ്ങളും താരതമ്യംചെയ്യുമ്പോൾ അബദ്ധ ധാരണകളിലൊന്നുപോലും ഖുർആനിൽ കടന്നുകൂടിയിട്ടില്ലെന്ന് അദ്ഭുതാദരങ്ങളോടെ നാം മനസ്സിലാക്കുന്നു. താഴെ പറയുന്ന സൂക്തങ്ങളെ നമുക്ക് പ്രത്യേകമെടുത്ത് പരിശോധിക്കാം. പ്രത്യുൽപാദന ബീജത്തെക്കുറിച്ചുള്ള സൂക്ഷ്മമായ വിവരങ്ങൾ, ബീജത്തിന്റെ സങ്കീർണത, ഉൽപാദനത്തിന് വളരെ ചെറിയ ഒരംശം മതിയെന്ന വസ്തുത, അതായത് ബീജത്തിന്റെ സത്ത്-അറബിയിൽ 'സുലാല'-തുടങ്ങിയവ. സ്ത്രീയുടെ ഉൽപാദനാവയവത്തിൽ അണ്ഡം നിക്ഷേപിക്കപ്പെടുന്നതിനെക്കുറിച്ച് അനേകം സൂക്തങ്ങളിൽ 'അലഖ്' എന്ന പദമുപയോഗിച്ച് കൃത്യമായി വിവരിച്ചിരിക്കുന്നു.

"ഒട്ടിപ്പിടിക്കുന്ന ഒന്നിൽനിന്നും അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചു."(96:2)

'അലഖ്' എന്ന പദത്തിന് അതിന്റെ യഥാർഥ വിവക്ഷ (ഒട്ടിപ്പിടിക്കുന്ന ഒന്ന്) ലഭിക്കുന്ന മറ്റൊരു പരിഭാഷയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. മാതാവിന്റെ ഗർഭാശയത്തിലുള്ള ഭ്രൂണത്തിന്റെ വളർച്ചയുടെ ഘട്ടങ്ങൾ വളരെ സംക്ഷിപ്തമായി ഖുർആൻ വിവരിക്കുന്നുണ്ട്. ആ വിവരണം പൂർണമായുംശരിയും വസ്തുനിഷ്ഠവുമാണ്. ആ പ്രക്രിയയെ വിവരിക്കാനുപയോഗിക്കുന്ന ലളിതപദങ്ങൾ ഭ്രൂണവളർച്ചയുടെ അടിസ്ഥാന ഘട്ടങ്ങളെ പ്രതിപാദിക്കുന്നു.

"ഒട്ടിപ്പിടിക്കുന്ന ഒന്നിൽനിന്ന് നാം ചതഞ്ഞ മാംസരൂപമാക്കി. ചതഞ്ഞ മാംസത്തിൽനിന്നും എല്ലുകൾ രൂപപ്പെടുത്തി. എല്ലുകളെ നാം മാംസം കൊണ്ട് പൊതിഞ്ഞു. അനന്തരം അവനെ തികച്ചും മറ്റൊരു സൃഷ്ടിയാക്കി വളർത്തിയെടുത്തു. അല്ലാഹു വളരെ അനുഗ്രഹമുടയവൻതന്നെ."(23:14)

'ചതഞ്ഞ മാംസരൂപം' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന 'മുദ്ഗ', ഭ്രൂണവളർച്ചയുടെ ഘട്ടത്തിലുള്ള ഒരു പ്രത്യേക അവസ്ഥയെ കൃത്യമായി സൂചിപ്പിക്കുന്നു. എല്ലുകൾ ഉൾഭാഗത്ത് രൂപപ്പെടുമ്പോൾ മാംസപേശികൾ അതിനെ പൊതിയുന്നു. 'ലഹ്മ്'എന്ന പദം സൂചിപ്പിക്കുന്നത് ഇതാണ്. ഭ്രൂണം ഒരു ഘട്ടം പിന്നിടുമ്പോൾ ചില ഭാഗങ്ങൾ ആനുപാതികമായും മറ്റു ചില ഭാഗങ്ങൾ ആനുപാതികമല്ലാതെയും വളരുന്നതായി കാണുന്നുണ്ട്. താഴെ സൂക്തം ഉദ്ദേശിക്കുന്നത് ഇതായിരിക്കാം:

"മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നത് രൂപംപൂണ്ടതും അല്ലാത്തതുമായ ഒട്ടിപ്പിടിക്കുന്ന മാംസപിണ്ഡത്തിൽനിന്നാണ്."(22:5)

പഞ്ചേന്ദ്രിയങ്ങൾ ഉണ്ടാകുന്നതിനെക്കുറിച്ച് ഖുർആൻ പറയുന്നു: "അല്ലാഹു നിങ്ങൾക്ക് കേൾവിയും കാഴ്ചയും ഹൃദയവും നൽകി."(32:9)

ആധുനിക വിവരങ്ങളുമായി ഈ പ്രസ്താവനകളൊന്നും ഏറ്റു മുട്ടുന്നില്ല. അക്കാലത്തെ അബദ്ധ ധാരണകളൊന്നും ഖുർആനിൽ കടന്നുകൂടിയിട്ടുമില്ല.

## ഖുർആനും ബൈബിളും

അവസാന വിഷയമാണ് ഇനി നമുക്ക് ചർച്ച ചെയ്യാനുള്ളത്. അത് ആധുനിക വിജ്ഞാനവുമായുള്ള ഒരു സംഘട്ടനമാണ്. ബൈബിളിൽ സൂചനകൾ നൽകപ്പെട്ടിട്ടുള്ള ഖുർആനിലെ വിവരങ്ങളെ സംബന്ധിച്ച ചില കാര്യങ്ങൾ, സൃഷ്ടിയെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ നാം ചർച്ച ചെയ്തതാണ്. ഖുർആനിലെ സൂക്തങ്ങൾ ആധുനിക വിജ്ഞാനവുമായി പൂർണമായും യോജിപ്പിലാണെന്നും ബൈബിൾ പ്രസ്താവനകൾ പലതും ശാസ്ത്രീയമായി അസ്വീകാര്യമാണെന്നും നാം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അദ്ഭുതപ്പെടേണ്ടതില്ല. കാരണം, ബൈബിൾ ഉൾക്കൊള്ളുന്ന സൃഷ്ടിയെ സംബന്ധിച്ച വിവരങ്ങൾ ബി.സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പുരോഹിതന്മാരുടെ സൃഷ്ടിയാണ്. വൈദിക ആഖ്യാനം (Sacerdotal narration) എന്നു പറയുന്നത് അതുകൊണ്ടാണ്. അനുയായികളെക്കൊണ്ട് ശബ്ബത്ത് ആചരിപ്പിക്കാൻ ഉദ്ദേശിച്ച് ചെയ്ത മതോപദേശങ്ങൾ രൂപം പൂണ്ടതാണ് ഈ വിവരണങ്ങൾ. നിർണിതമായി ഒരു ലക്ഷ്യം മുന്നിൽ കണ്ട് രചിച്ചവയാണ് ഈ ഗ്രന്ഥങ്ങൾ. ജറൂസലേം ബൈബിൾ സ്കൂളിന്റെ മുൻ തലവനായ ഫാദർ ഡിവോക്സ് (Fr.De Vaux) ചൂണ്ടിക്കാണിച്ചതുപോലെ ആ ലക്ഷ്യം അനിവാര്യമായും ആചാര നിയമങ്ങളനുഷ്ഠിക്കാൻ പ്രേരിപ്പിക്കുന്ന സ്വഭാവത്തോടുകൂടിയതായിരുന്നു. ബൈബിളിൽ വളരെ സംക്ഷിപ്തവും പഴയതുമായ ഒരു വിവരണം സൃഷ്ടിപ്പിനെ സംബന്ധിച്ച് വന്നിട്ടുണ്ട്. 'യാഹ്വിസ്റ്റ്'(Yahvist) എന്ന പേരിലറിയപ്പെടുന്ന ഈ വിവരണം തികച്ചും വിഭിന്നമായ കോണിൽക്കൂടി വിഷയത്തെ സമീപിക്കുന്നു.

പെന്റാട്യൂക്കി (Pentateuch)ലെ ഒന്നാം പുസ്തകമായ ഉൽപത്തി (Genesis)യിൽ നിന്ന് എടുത്തിട്ടുള്ളതാണ് രണ്ടും. ഇതിന്റെ രചയിതാവ് മോസസ് ആണെന്ന് കരുതപ്പെടുന്നു. എന്നാൽ മൂലത്തിൽ നമുക്ക് ഇന്ന് അറിയാവുന്നതുപോലെ ഒട്ടേറെ മാറ്റത്തിരുത്തലുകൾ സംഭവിച്ചിട്ടുണ്ട്. വൈദിക ആഖ്യാനം (Sacerdotal narration) അതിന്റെ തൽപരസൃഷ്ടിയായ വംശപരമ്പരാവിവരണത്തിന് പ്രസിദ്ധമാണ്. ആദംവരെ ചെന്നെത്തുന്നുണ്ട് പ്രസ്തുത പരമ്പരാഖ്യാനം. പക്ഷേ, ഇത് ആരും ഗൗരവമായി പരിഗണിക്കാറില്ലെന്നു മാത്രം. ഏതായാലും സുവിശേഷകർത്താക്കളായ മത്തായിയും ലൂക്കോസും അത് എടുത്തെഴുതുന്നുണ്ട്. ക്രിസ്തുവിന്റെ വംശാവലി വിവരിക്കാൻ വേണ്ടി, മത്തായി അബ്രഹാം വരെ പോകുമ്പോൾ ലൂക്കോസ് ആദം വരെ

പോകുന്നു. ഈ വിവരണങ്ങളെല്ലാം ശാസ്ത്രീയമായി അസ്വീകാര്യങ്ങളാണ്. ലോകത്തിന്റെ പ്രായം, മനുഷ്യൻ ലോകത്ത് പ്രത്യക്ഷപ്പെട്ട കാലം, എല്ലാം കൃത്യവർഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. അവക്കെല്ലാം ഇന്ന് ഖണ്ഡിതമായി സ്ഥാപിക്കപ്പെട്ട യാഥാർഥ്യങ്ങളുമായി വിദൂരബന്ധം പോലുമില്ല. ഖുർആനാകട്ടെ ഇത്തരം വസ്തുതകളിൽനിന്ന് പൂർണമായും സ്വതന്ത്രമാണ്. പ്രപഞ്ചത്തിന്റെ ഉദ്ഭവത്തെ സംബന്ധിച്ച ആധുനിക ആശയങ്ങളോട് ഖുർആൻ എങ്ങനെ യോജിക്കുന്നു എന്നും ബൈബിൾ വിവരണങ്ങൾ എങ്ങനെ വിയോജിക്കുന്നുവെന്നും നേരത്തെ നാം ചൂണ്ടിക്കാണിച്ചു. ആദിമജല(Primordial Waters)ത്തെ സംബന്ധിച്ച സങ്കൽപം അസ്വീകാര്യമാണ്. പ്രകാശം വമിക്കുന്ന നക്ഷത്രങ്ങളെ സൃഷ്ടിക്കുന്നതിനു മുമ്പു തന്നെ ഒന്നാം ദിവസം പ്രകാശം സൃഷ്ടിച്ചു. ഭൂമിയുടെ സൃഷ്ടിക്കു മുമ്പു തന്നെ പ്രഭാതവും പ്രദോഷവും നിലവിലുണ്ടായി. മൂന്നാം ദിവസം ഭൂമിയെ സൃഷ്ടിച്ചു; അതും നാലാം ദിവസം സൂര്യനെ സൃഷ്ടിക്കുന്നതിനു മുമ്പ്. അഞ്ചാം ദിവസം പക്ഷികൾ, ആറാം ദിവസം മൃഗങ്ങൾ. ഈ പ്രസ്താവനകളെല്ലാം പ്രസ്തുത ഗ്രന്ഥം രചിക്കുന്ന കാലത്ത് നിലനിന്നിരുന്ന വിശ്വാസങ്ങളും ധാരണകളും സ്വാധീനം ചെലുത്തിയതിന്റെ ഫലമാണ്. മറ്റൊരർഥവും അവക്കില്ല.

ബൈബിളിന്റെ കാലഗണനയനുസരിച്ച് ലോകത്തിന്റെ പ്രായം അയ്യായിരത്തി എഴുനൂറ്റി മുപ്പത്തെട്ട് വർഷമാണ്. യഹൂദന്മാരുടെ കലണ്ടർ ഇന്നും ഇതനുസരിച്ചാണ്. ഇത് തികച്ചും അസ്വീകാര്യമാണ്. നമ്മുടെ സൗരയൂഥത്തിനുതന്നെ നാലര ബില്യൻ വർഷം പഴക്കമുണ്ട്. ഭൂമിയിൽ മനുഷ്യൻ പ്രത്യക്ഷപ്പെട്ടിട്ട് പതിനായിരക്കണക്കിൽ വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഖുർആൻ ഇത്തരം ഒരു തിയ്യതിയും എടുത്തുപറയുന്നില്ലെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അവ ബൈബിളിനു മാത്രം പ്രത്യേകമായുള്ളതാണ്.

ഖുർആനും ബൈബിളും താരതമ്യം ചെയ്യുമ്പോൾ വളരെ പ്രധാനമായി ശ്രദ്ധിക്കേണ്ട മറ്റൊരു വിഷയം പ്രളയത്തെക്കുറിച്ച പരാമർശമാണ്. ബൈബിൾ പ്രസ്താവന രണ്ടുതരം വിവരണങ്ങളുടെ ഒരു സങ്കലനമാണ്. രണ്ടിലും സംഭവങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ലോകപ്രളയം അബ്രഹാമിന് ഏതാണ്ട് മുന്നൂറു വർഷം മുമ്പ് സംഭവിച്ചതായി ബൈബിൾ പ്രസ്താവിക്കുന്നു. അബ്രഹാമിനെ സംബന്ധിച്ച് നമുക്കറിയാവുന്ന വസ്തുതകൾ വെച്ചു ചിന്തിച്ചാൽ ലോകപ്രളയം സംഭവിച്ചത് ബി.സി. ഇരുപത്തിരണ്ടോ ഇരുപത്തൊന്നോ നൂറ്റാണ്ടിലായിരിക്കും. ചരിത്രരേഖകളുടെ വെളിച്ചത്തിൽ ഇത് അംഗീകരിക്കാൻ നിർവാഹമില്ല. ഈ നൂറ്റാണ്ടുകളിൽ ലോക

പ്രളയം സംഭവിക്കുകയും മുഴുവൻ നാഗരികതകളും തുടച്ചുമാറ്റപ്പെടുകയും ചെയ്തു എന്ന് നമുക്ക് എങ്ങനെ അംഗീകരിക്കാൻ കഴിയും? ചരിത്രരേഖകളനുസരിച്ച് ഈ കാലഘട്ടം ഈജിപ്തിലെ മധ്യമ രാജവംശത്തിന്റെ കാലമായിരുന്നു. പതിനൊന്നാം രാജവംശത്തിനു മുമ്പുള്ള ആദ്യത്തെ ഇടവേള. അതുകൊണ്ട് ആധുനിക അറിവുകളനുസരിച്ച് മേൽപറഞ്ഞ ബൈബിൾ പ്രസ്താവന അംഗീകരിക്കുക സാധ്യമല്ല. ഇങ്ങനെ നിരീക്ഷിച്ചാൽ ഖുർആന്നും ബൈബിളിനുമിടക്കുള്ള അന്തരം വളരെ വലുതാണെന്ന് നമുക്ക് കാണാൻ കഴിയും.

പ്രളയം സംഭവിച്ചത് നൂഹ്നബിയുടെ ജനതക്കു മാത്രമായിരുന്നു എന്ന് ഖുർആൻ പറയുന്നു. ആ ജനതയുടെ പാപങ്ങൾക്ക് അവർ ശിക്ഷിക്കപ്പെട്ടു. അവർ ദൈവധിക്കാരികളായിരുന്നു. പ്രളയം സംഭവിച്ച കാലം ഖുർആൻ സൂചിപ്പിക്കുന്നില്ല. ചരിത്രപരമായോ പുരാവസ്തുശാസ്ത്രപരമായോഖുർആന്റെ വിവരണങ്ങളിൽ ഒരു വൈരുധ്യവും കണ്ടെത്താൻ കഴിയുകയില്ല.

താരതമ്യം ചെയ്യാവുന്ന മറ്റൊരു വിവരണം മൂസായുടെ പലായനമാണ്. ഫറോവയുടെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കപ്പെട്ട ഇസ്രാഈല്യരുമായി മൂസാ നടത്തിയ പലായനം. വളരെ പരിമിതമായ ഒരു വിവരണം നൽകാൻ മാത്രമേ ഇവിടെ സാധ്യമാകൂ. ഫറോവമാരെ സംബന്ധിച്ച ചരിത്ര പരിശോധനയിലൂടെ പലായനം നടന്ന കാലത്തെക്കുറിച്ച് ഞാനെത്തിച്ചേർന്ന നിഗമനം, ഫറോവ റംസീസ് രണ്ടാമന്റെ പിൻഗാമിയായിരുന്ന മാർനെപ്റ്റ (Marnsptah) ആയിരുന്നു ഈ കാലഘട്ടത്തിലെ ഫറോവ എന്നാണ്. വേദങ്ങളിലെ പരാമർശവും പുരാവസ്തുശാസ്ത്രപരമായ തെളിവുകളും ഇതിന് അനുകൂലമാണ്. ബൈബിൾ വിവരണങ്ങൾ മൂസായെ ഫറോവമാരുടെ കാലഘട്ടത്തിൽ സ്ഥാപിക്കാനുള്ള ശക്തമായ തെളിവുകൾ നൽകുന്നുണ്ട്. മൂസ ജനിച്ചത് റംസീസ് രണ്ടാമന്റെ കാലത്തായിരുന്നു. അതുകൊണ്ട് ബൈബിൾ സൂചനക്കു ചരിത്രപരമായ പിൻബലമുണ്ട്.

ഫറോവ മാർനെപ്റ്റയുടെ മമ്മി വൈദ്യശാസ്ത്രപഠനത്തിനു വിധേയമാക്കിയപ്പോൾ മരണകാരണത്തെക്കുറിച്ച് പ്രയോജനപ്രദമായ പല വിവരങ്ങളും ലഭിക്കുകയുണ്ടായി. ഈ ഫറോവയുടെ മമ്മി 1898-ൽ കണ്ടെത്തിയത് നമ്മുടെ കൈവശമുണ്ടെന്നതു വളരെ പ്രാധാന്യമർഹിക്കുന്നു. ഇത് കടലിൽ ആഴ്ത്തപ്പെട്ടു എന്ന് ബൈബിൾ രേഖപ്പെടുത്തുന്നു. പക്ഷേ, ആ മൃതശരീരത്തിന് എന്തു സംഭവിച്ചു എന്നതിനെക്കുറിച്ച് വിവരമൊന്നും നൽകുന്നില്ല. ഖുർആൻ, ആ മൃതശരീരം വെള്ളത്തിൽനിന്ന് എടുക്കപ്പെട്ടു എന്നു പ്രസ്താവിക്കുന്നു: "ഈ ദിവസം നിന്റെ മൃതശരീരം പിന്നീടുവരുന്നവർക്ക് ഒരു പാഠമായിരിക്കാൻ വേണ്ടി രക്ഷപ്പെടുത്തി സൂക്ഷിക്കുന്നതാണ്"(10:92). ഈ മമ്മിയിൽ നടത്തിയ വൈദ്യപരിശോധന വ്യക്തമാക്കുന്നത്

മൃതശരീരം അധികകാലം വെള്ളത്തിൽ കിടന്നിരിക്കാനിടയില്ല എന്നാണ്. നീണ്ടകാലം വെള്ളത്തിൽ കിടന്നതിന്റെ ഫലമായ യാതൊരു അഴുകലും മൃതശരീരത്തിൽ സംഭവിച്ചിട്ടില്ല. വീണ്ടും ഖുർആൻ വിവരണം ശാസ്ത്രീയവീക്ഷണത്തിന് ഒരു ചെറിയ വൈരുധ്യം പോലും നൽകുന്നില്ലെന്ന് വ്യക്തമാകുന്നു.

ഏതാണ്ട് ഒമ്പത് നൂറ്റാണ്ടുകൾക്കു മുമ്പ് രചിക്കപ്പെട്ട ഏതാനും ലിഖിതങ്ങളുടെ സമാഹാരമാണ് പഴയനിയമം. വളരെയധികം മാറ്റത്തിരുത്തലുകൾക്ക് അത് വിധേയമായിട്ടുണ്ട്. ബൈബിൾ രചനയിൽ മനുഷ്യൻ വഹിച്ച പങ്ക് വളരെയേറെ പ്രകടമാണ്. ഖുർആൻ അവതരണത്തിന്റെ ചരിത്രം തികച്ചും വ്യത്യസ്തമാണ്. ആദ്യമായി മനുഷ്യന് നൽകപ്പെട്ട നിമിഷം മുതൽ അത് ഹൃദിസ്ഥമാക്കപ്പെടുകയും മുഹമ്മദിന്റെ ജീവിതകാലത്തു തന്നെ എഴുതിവെക്കപ്പെടുകയും ചെയ്തു. അതുകൊണ്ടാണ് ഖുർആൻ അതിന്റെ ആധികാരികതക്ക് ഒരു പ്രശ്നവും ഉയർത്താത്തത്.

പലവട്ടം നാം ആവർത്തിച്ചതുപോലെ, പൂർണമായും വസ്തുനിഷ്ഠമായ പഠനം, ആധുനിക ശാസ്ത്രവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ രണ്ടും (ഖുർആനും ശാസ്ത്രവും) പൂർണമായി യോജിക്കുന്നു എന്ന് വ്യക്തമാക്കുന്നതാണ്. മുഹമ്മദിന്റെ കാലത്തെ വൈജ്ഞാനിക നിലവാരം വെച്ചു നോക്കിയാൽ അക്കാലത്തെ ഒരു മനുഷ്യൻ ഇത്തരം പ്രസ്താവനകൾ ചെയ്യുക എന്നത് അചിന്ത്യമാണ്. ഇത്തരം അപ്രമാദമായ പ്രസ്താവനകളാണ് ഖുർആന്റെ അവതരണത്തിന് തനതായ ഒരു സ്ഥാനം നൽകുന്നത്. പൂർണമായും ഭൗതികാടിസ്ഥാനത്തിലുള്ള ഒരു വിശകലനം നടത്തുന്ന നിഷ്പക്ഷനായ ശാസ്ത്രജ്ഞൻ, ഇതിന് ഒരു വിശദീകരണം നൽകാൻ താൻ അശക്തനാണെന്നു സമ്മതിക്കാൻ നിർബന്ധിതനാണ്.